പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2731 12.03.2018 ൽ മറുപടിയ്ക്ക്

## 'ഗ്രോ മോർ ഫുഡ് ' പദ്ധതി പ്രകാരം കൈമാറി കിട്ടിയ കൈവശ ഭൂമി

**ചോദ്യം**

**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | കോന്നി താലൂക്കിലെ വിവിധ വില്ലേജുകളിൽ 'ഗ്രോ മോർ ഫുഡ് ' പദ്ധതി പ്രകാരം കൈമാറി കിട്ടിയ കൈവശ ഭൂമിയിലെ പട്ടയ വിതരണത്തിനുള്ള തടസ്സം വ്യക്തമാക്കുമോ; | (എ) 'ഗ്രോ മോർ ഫുഡ് ' പദ്ധതി പ്രകാരം കൈമാറിയിട്ടുള്ള ഭൂമി ആണെങ്കിലും ടി ഭൂമി നിലവിൽ റിസർവ്വ് സ്റ്റാറ്റസിൽ ആണെന്നും ആയതിനാൽ ഡിസ് റിസർവ്വ് ചെയ്താൽ മാത്രമേ ടി ഭൂമിയ്ക്ക് പട്ടയം നൽകാൻ കഴിയുകയുള്ളൂ എന്നും വനം വകുപ്പ് അറിയിച്ചിരിക്കുകയാണ്. |
| (ബി) | ഫോറസ്റ്റ് ആക്ട് 1980 (ഹാന്റ് ബുക്ക്) പാർട്ട് സി.ചാപ്റ്റർ - I ൽ 25-10-1980 ന് മുൻപ് വനേതര ആവശ്യത്തിന് കൈമാറിയ ഭൂമി സംബന്ധിച്ചും 1956 ന് മുൻപ് കൈമാറിയ വനഭൂമിയെ സംബന്ധിച്ചും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് വിടേണ്ട ആവശ്യമില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) ഭക്ഷ്യോത്പാദന മേഖലയിൽപ്പെട്ടതും, നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ ഭൂമിക്ക് പട്ടയം നിലവിൽ അനുവദിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും, ഫുഡ് പ്രൊഡക്ഷൻ ഡിസ് റിസർവ്വ് ചെയ്യാത്തതിനാൽ, റിസർവ്വ് സ്റ്റാറ്റസ് ഉള്ളതാണെന്നും വനംവകുപ്പ് അധികൃതർ അറിയിച്ചിട്ടുള്ളതാണ്. |
| (സി) | 1956-ന് മുൻപ് കൈമാറിയ സ്ഥലത്തിന് ഫോറസ്റ്റ് ആക്ട് ബാധകമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ